# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 545 02.12.2014-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പൊതുകടം

**ചോദ്യം** **ഉത്തരം**

ശ്രീ. ഇ.പി. ജയരാജൻ

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | 2011 മെയ് മാസത്തിലെ ട്രഷറി നീക്കിയിരിപ്പ് എത്ര തുകയുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | 2011 മെയ് 31 -ൽ ആകെ 1830.58 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപമായി ഉണ്ടായിരുന്നു. |
| (ബി) | 2011 മെയ് മാസത്തിലെ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | 31.03.2011 ലെ പൊതുകടം 78673.24 കോടി രൂപയായിരുന്നു. |
| (സി) | 2006 മെയ് മാസത്തിലെ സംസ്ഥാനത്തിന്റെ പൊതുകടം എത്ര തുകയായിരുന്നുവെന്നും 2011 മെയ് മാസം ആയപ്പോൾ പൊതുകടത്തിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ ; | 31.03.2006 ലെ പൊതുകടം 45929.05 കോടി രൂപയായിരുന്നു. 31.03.2011 ആയപ്പോൾ 71.3 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്. |
| (ഡി) | ഇപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണ് ; | 30.09.2014 ലെ അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 125258.17 കോടി രൂപയാണ്. |
| (ഇ) | 2011 മെയ് മാസം മുതൽ നാളിതുവരെ പൊതുകടത്തിൽ ആകെ എത്ര തുകയുടെ വർദ്ധനവുണ്ടായെന്നും എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയെന്നും വ്യക്തമാക്കുമോ ? | 2011 ഏപ്രിൽ മാസം മുതൽ 30.09.2014 വരെയുള്ള പൊതുകടം ആകെ 46584.93 കോടി രൂപയും വർദ്ധനവ് 59.21 ശതമാനവുമാണ്. |

സെക്ഷൻ ഓഫീസർ